LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തൃക്കരിപ്പൂർ മണ്ഡലത്തിലെ പെരിങ്ങോം കേന്ദ്രീകരിച്ച് പട്ടികജാതി വികസന വകുപ്പിനുകീഴിൽ ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നത് സംബന്ധിച്ച ശുപാർശ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ലഭിക്കുന്ന മുറയ്ക്ക് അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്. വയക്കര ഗ്രാമപഞ്ചായത്തിൽ എം. ആർ. എസ്. നായി സ്ഥലം കണ്ടെത്തിയിരുന്നുവെങ്കിലും ടി സ്ഥലം ഉൾപ്പെട്ട 50 ഏക്കർ ഭൂമി സർക്കാർ ഭൂരഹിതർക്ക് പതിച്ചു നൽകുന്നതിന് തീരുമാനിച്ച സാഹചര്യത്തിൽ സ്ഥലം ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ഈ സാഹചര്യത്തിൽ പുതിയ സ്ഥലം കണ്ടെത്തുന്നതിന് ജില്ലാകളക്ടർ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്.

മോഡൽ റെസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്നതിന് നടപടി

123 (5528) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി മോഡൽ റെസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡമുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പട്ടിക സമുദായക്കാർ ധാരാളം അധിവസിക്കുന്ന തിരുവമ്പാടി മണ്ഡലത്തിൽ ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ പട്ടിക ജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാഹചര്യ കുറവുകൊണ്ടു പഠനം മുടങ്ങാതെ ഗുണമേൻമയുള്ള വിദ്യാഭ്യാസം നൽകി മുഖ്യധാരയിൽ എത്തിക്കുന്നതിനുവേണ്ടിയാണ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചിട്ടുള്ളത്. 5-ാം ക്ലാസ്സ് മുതൽ +2 ക്ലാസ്സുകൾ വരെയുള്ള പട്ടിക ജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ താമസിപ്പിച്ച് വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ. പട്ടികജാതി-പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങൾ കേന്ദ്രമാക്കിയാണ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ അനുവദിക്കാറുള്ളത്. കൂടാതെ കുട്ടികളുടെ ലഭ്യത, സ്ഥല ലഭ്യത എന്നിവ ഉണ്ടെങ്കിൽ മാത്രമേ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങുവാൻ കഴിയുകയുള്ളു.

(ബി) കോഴിക്കോട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഈ സ്കൂളിൽ പ്രവേശനം ലഭിക്കുന്നുണ്ട്. ആയതിനാൽ തിരുവമ്പാടി മണ്ഡലത്തിൽ പുതിയ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കേണ്ടതില്ല.